(ഡി) ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കേണ്ട എ.പി.പി. കോടതിയിൽ ഹാജരാകാതിരുന്നതിന് അദ്ദേഹത്തിനെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഇ) 1996 ജൂണിനുശേഷം കരിപ്പൂർ വിമാനത്താവളത്തിൽ പാസ്പോർട്ടുമായി വന്നു പിടിക്കപ്പെടുകയും ജാമ്യത്തിൽ പോയവരുമായ എത്ര പ്രതികൾ അപ്രത്യക്ഷരായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഡി) പ്രസ്തുത കേസ്സിൽ ചുമത്തിയിട്ടുള്ള കുറ്റം ജാമ്യം ലഭിക്കുന്നതാകയാൽ എ.പി.പി.ക്ക് നോട്ടീസ് കൊടുക്കേണ്ടതുണ്ടായിരുന്നില്ല എന്നാണ് ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചത്.

(ഇ) രണ്ടു പ്രതികൾ അപ്രത്യക്ഷരായിരുന്നു.

83 (2268) പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ 1998-99 കാലയളവിൽ ശിക്ഷിക്കപ്പെട്ട് തടവിൽ ഉണ്ടായിരുന്ന മൊത്തം കുറ്റവാളികൾ എത്ര;

(ബി) ഇതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര;

(സി) ഇതിൽ 21 വയസ്സിനു താഴെ പ്രായമുണ്ടായിരുന്ന പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര;

(ഡി) 21 വയസ്സിൽ താഴെപ്രായക്കാരുടെ ശിക്ഷാവിധിൽ സി.ആർ.പി.സി. 361-ാം വകുപ്പ് പ്രകാരമുള്ള സ്പെഷ്യൽ റീസൺ റിക്കാർഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ;

(ഇ) ഇപ്രകാരം റിക്കാർഡ് ചെയ്തിട്ടുണ്ടെങ്കിൽ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് (സെൻട്രൽ ആക്ട്) 1956 സെക്ഷൻ 6 അനുസരിച്ചുള്ള റിപ്പോർട്ട് കോടതികളിൽ പരിഗണിച്ച വിവരം ജഡ്ജ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട്, സെക്ഷൻ 3,4,5 എന്നിവകൾ പരിഗണിക്കാതെ ശിക്ഷിക്കപ്പെട്ട 21 വയസ്സിനു താഴെ പ്രായമുള്ള ആളുകൾ എത്ര;

(ജി) ഈ കേസ്സുകൾ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് സെക്ഷൻ 11 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ജയിൽ അധികാരികൾ ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക് അയച്ചുകൊടുത്തിരുന്നോ;

(എച്ച്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14,217 പേർ,

(ബി) പുരുഷൻമാർ- 13,289,

സ്ത്രീകൾ - 928.

(സി) പുരുഷന്മാർ - 147.

സ്ത്രീകൾ -20.

(ഡി) ഇത്തരക്കാരുടെ ശിക്ഷാവിധിയിൽ ഇത്തരത്തിലുള്ള പരാമർശങ്ങൾ ഉള്ള കേസ്സുകൾ കിട്ടിയിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇത്തരം കേസ്സുകൾ ഉണ്ടായിട്ടില്ല.

(എച്ച്) ബാധകമല്ല.

84 (2270) ഫയർ സ്റ്റേഷൻ തുടങ്ങാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളായ എഫ്.എ.സി.ടി., എച്ച്.ഒ.സി., ഓയിൽ റിഫൈനറി തുടങ്ങിയ വൻകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജനസാന്ദ്രതയും തീപിടുത്ത അപകട സാദ്ധ്യതയും കണക്കിലെടുത്ത് പട്ടിമറ്റത്ത് ഒരു ഫയർസ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സൗജന്യമായി സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയാൽ നടപടി ത്വരിതപ്പെടുത്താൻ കഴിയുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) മുൻഗണനാ പട്ടിക അനുസരിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പുതിയ ഫയർ സ്റ്റേഷൻ തുടങ്ങുന്നകാര്യം പരിഗണിക്കുന്നതാണ്.

85 (2271) മണ്ണാർക്കാട് താലൂക്കിൽ ഫയർസ്റ്റേഷൻ

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മണ്ണാർക്കാട് ആസ്ഥാനമായി ഫയർസ്റ്റേഷൻ തുടങ്ങുന്നതിനു എന്തുനടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) എത്രയുംപെട്ടെന്ന് ഇവിടെ ഫയർസ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly